Talented Bankers Literary Panel
പുസ്തക പരിചയം 112

പുസ്തകം പരിചയപ്പെടുത്തുന്നത്,
ശശിധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പരപ്പനങ്ങാടി ശാഖ.

**വിപരീതം - രാജു**

**ഗർഭപാത്രം ഉള്ള ഒരു പുരുഷന്റെ സാഹസിക ജീവിതം**

**എഴുത്ത് : ഉണ്ണികൃഷ്ണൻ ആവള**

ആത്മകഥ, ജീവചരിത്രം, ഓർമ്മക്കുറിപ്പ് എന്നീ വിഭാഗം എഴുത്തുകളിൽ പെടുന്നു ജീവിതമെഴുത്ത്. മുൻപറഞ്ഞ ആത്മകഥ, ജീവചരിത്രം, ഓർമ്മക്കുറിപ്പ് എന്നിവ സമൂഹത്തിൽ പ്രമുഖർ, പ്രശസ്തർ, വിജയിച്ചവർ എന്നിവരെ പ്രതിപാദിക്കുന്നു എങ്കിൽ ജീവിതമെഴുത്തുകൾ മിക്കപ്പോഴും പ്രാന്തവൽക്കരിക്കപ്പെട്ടവരെ വിഷയമാക്കുന്നു. വേശ്യ, തെരുവിൽ തെണ്ടി ഉറങ്ങുന്നവർ, മനോനിലതെറ്റിയവർ ഒക്കെയാവാം ജീവിതം തുറന്നു പറയുന്നത്. ശ്രീരാമൻ (വേറിട്ട കാഴ്ചകൾ ), താഹ മാടായി, ശ്രീകാന്ത് കോട്ടക്കൽ, നിലീന അത്തോളി.. ഒക്കെ പ്രമുഖ എഴുത്തുകാർ. ദേവകി നിലയങ്ങോടിന്റെ പല എഴുത്തുകളും ഈ ഗണത്തിൽ പെടുത്താൻ കഴിയും.

രാജു എന്ന ആദിവാസി യുവാവിന്റെ ദുരിത ജീവിതം കേട്ടെഴുതി അവതരിപ്പിക്കുന്നു ഉണ്ണികൃഷ്ൻ ആവള. ഇവിടെ രാജുവിന് മുന്നിൽ തുറന്നു വച്ച ടേപ്പ് റെക്കോർഡർ പോലെ ഒരു എഴുത്തുപകരണം ആവുകയാണ് എഴുത്തുകാരനും.

ആമുഖത്തിൽ നിന്ന്..

"ഡോക്ടർ, രണ്ടു മാസമായി എനിക്ക് മാസക്കുളിയുണ്ടാവുന്നില്ല "- വരി നിന്ന് വിയർത്തു തന്നെ കാണാനെത്തിയ ഒരു ചെറുപ്പക്കാരൻ, നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ ഉണ്ടായിരുന്ന ഡോ മായാദേവിയോട് ഇങ്ങനെ പറഞ്ഞു. ആദ്യം ഞെട്ടിയ ഡോക്ടർ പിന്നെ മാനസികവിഭ്രാന്തിയാവുമോ എന്ന് സംശയിച്ചു. പക്ഷേ തുടർ പരിശോധനകളിലോരോന്നായി അവർക്ക് ബോധ്യമായി ആ ചെറുപ്പക്കാരന് പുരുഷ ജനനേന്ദ്രിയവും ഗർഭപാത്രവും ആർത്തവവും ഉണ്ടെന്ന്...

തൂങ്ങി മരിക്കാൻ ഉറപ്പുള്ളൊരു മേൽക്കൂരപോലും തന്റെ കുടിലിനില്ലാത്തതുകൊണ്ട്, നാട്ടു മനുഷ്യരുടെ പരിഹാസചിരികളെ ഭയന്ന്, ആത്മഹത്യ ചെയ്യാൻ കാട്ടിൽ വിഷക്കായകൾ തേടി നടക്കുന്ന രാജുവിന്റെ ദാരുണ ജീവിതമാണ് ' വിപരീതം '.

പിടഞ്ഞു മരിച്ച അമ്മയെ... ആദ്യ ആർത്തവത്തിന്റെ വേദനച്ചോരയെ... ആദ്യമായി ബലാൽസംഗം ചെയ്യപ്പെട്ട പകലിനെ... ഉള്ളിലൊരു ഗർഭപാത്രം അതിന്റെ ജോലി ചെയ്യുന്നുണ്ടെന്നു തിരിച്ചറിഞ്ഞ നിമിഷത്തിന്റെ ക്രൂരതയെ... പെണ്ണായി മാറാൻ ശസ്ത്രക്രിയടേബിളിൽ കത്തിയനക്കങ്ങൾ കാത്തിരിക്കുമ്പോൾ അയാളുടെ ഉള്ളിലെ ആണിന് പേടിച്ചു നിലവിളിക്കാൻ തോന്നിയ സെക്കന്റിനെ... മതം മറിയാലെങ്കിലും തന്നെയാരെങ്കിലും നോക്കാനുണ്ടാവുമെന്ന പ്രതീക്ഷയെ... കേട്ടെഴുതുമ്പോളൊക്കെ ഞെട്ടുകയായിരുന്നു ഞാൻ. പഴയ ഞെട്ടലിനെ ഒന്നുമല്ലാതാക്കിക്കളയുന്ന പുതിയ വെളിപ്പെടുത്തലുകൾ...

മുഖത്തു രോമം വരാതിരിക്കാനുള്ള മരുന്നും പുരട്ടി, അടുത്ത നാഭി കടച്ചിലിന്റെ ദിവസം വരുന്നതും പേടിച്ചിരിക്കുന്ന രാജുവിന്റെ ജീവിതം ആത്മവേദങ്ങളോടെയല്ലാതെ ഒരു മനുഷ്യനും വായിച്ചുപോകാനാവില്ല. ഏറ്റവും പുതിയ നാപ്കിനുകളുടെ സൗകര്യത്തെക്കുറിച്ചു ചർച്ചചെയ്യുന്ന ആധുനിക ജീവിതങ്ങൾക്ക് ഇത് യഥാർത്ഥ ജീവിതം തന്നെയോ എന്ന് ചിലപ്പോൾ സംശയവും തോന്നിയേക്കാം

ഈ പുസ്തകം മുഴുവൻ രാജുവിന്റെ വാമൊഴിയിലാണ് എഴുതിയിരിക്കുന്നതു. എഴുത്തുകാരന്റെ കൈ കടത്താൽ കുറവാണ് എന്ന് തന്നെ പറയാം. രാജുവിന്റെ പറച്ചിൽ നേരിട്ട് വായനക്കാരന്റെ ഹൃദയത്തിലേക്ക്.

ഏത് ആദിവാസി ജീവിതവും പോലെ പട്ടിണിയും ദുരിതങ്ങളും തന്നെ രാജുവിന്റെ ജീവിതവും. താനുൾപ്പെടുന്ന സമൂഹത്തിന്റെ കഷ്ടപ്പാടുകളും, ആചാരങ്ങളും, മദ്യപാനാസക്തിയും രാജു വിവരിക്കുന്നുണ്ട്
"ഞങ്ങളെ ജാതില് മൂന്നും നാലുമൊക്കെ കെട്ടും. പെണ്ണിനും ആണിനും തമ്മിലു വേണ്ടെങ്കി ഓരു ഒയിവായി വേറെ കെട്ടും.....

ഇപ്പം ഒര് മയ ഒറക്കെ പെയ്താ കാട്ടില് പോയേലൊക്കെ വെള്ളം ബേകത്തില് അതികവും.. മലേല് മയ പെയ്താ പോയേല് വെള്ളം പെട്ടെന്ന് കൂടും അത് ഒറപ്പാ. ഏന്നിറ്റും ഈ മയക്കാലത്തു തന്നെ

ഞങ്ങളെ ജാതീല് പെട്ട കാട്ടു നായ്ക്ക, പണിയ കൊറേ ആളുകളു പോയേല് ഒലിച്ചു പോയേക്കണ്.... കാട്ടിലെ ഏത് പൊയെം ചുയീം ഒക്കെ അറീന്നരാണ് ഈ ചാവന്ന ചെക്കൻമാരെയ്. മലവെള്ളത്തിലടക്കം പൊയ നീന്തികടക്കും എന്നിട്ടനെ...

സുകായി ജീവിക്കാൻ മണ്ടിട്ടു തടിന്റെ കേടു തീരാൻ ഞാനൊക്കെ എത്ര നരകിക്കാണ്. അന്നേരത്താ ഇവരൊക്കെ... വെള്ളമടിച്ചു പോയേൽ ചാവണതു... ആരോക്യത്തോടെ കയ്യാൻ പട്യാമതീന്നാ എന്റെ ദൈവത്തോടുള്ള തേടല്..

തടിക്കു മാറാത്തൊരു കേട് വന്നു നോക്കണം, കേടില്ലാത്ത മനിശ്യന്റെ തടിന്റെ ബെല തിരിയാന്.

പതിനെട്ടാമത്തെ വയസ്സിലാണ് രാജുവിന് ആദ്യമായി നാഭി കടച്ചിലുണ്ടാവുന്നതു, അന്ന് ഒരു ഹോട്ടലിൽ ജോലിക്ക് നിൽക്കുന്ന കാലം
.. "ഞാൻ പേന്റും ഷിർട്ടുമിട്ടു ഹോട്ടൽന്ന് പാത്രം കഴുകുന്ന തിരക്കലർന്നു. അടിവയറ്റിക്കൂടെ ഒരു വേദന, ഒരു മണ്ടലു. അതില് ഞാൻ പൊളഞ്ഞു തുള്ളിപ്പോയി. മെല്ലെ മെല്ലെ നാഭീന്റെ വേദന കൂടാൻ തൊടങ്ങി... നേരം കൊറേ കയിഞ്ഞപ്പോ മൂത്രമൊഴിക്കാൻ തോന്നുന്ന പോലെ... മൂത്രമൊഴിക്കാൻ കഷ്ടപ്പെട്ടു കുത്തിയിരുന്നു. അന്നേരം മൂത്രത്തുള്ളിയല്ല ചോരയാ ഒലിച്ചു പോയത്..
പിന്നേം ആറു ദെവസം രക്തം പോക്കും വേദനേം ഒണ്ടെങ്കിലും ഞാൻ വിചാരിച്ചു അതെന്തോ ചെറിയ സൂക്കേടാന്ന്. ഏഴു ദെവസം കയിഞ്ഞപ്പം ഒരു കൊയപ്പോം ഇല്ല...

എന്നാ അന്നേക്ക് മുപ്പത്തൊന്നാം ദിവസം പിന്നേം, മുമ്പത്തെ പോലെ അതേ നാഭിക്കടച്ചില്.. കൊറച്ചു കഴിഞ്ഞപ്പോ രക്തം പോയി.. പിന്നെ അത് ഇത് വരെ ഓരോ മാസത്തിലും ഉണ്ടാവും.

നേരത്തേ പറഞ്ഞ സാമൂഹിക സാഹചര്യം, ചെറുപ്പത്തിലേ അനാഥനാക്കപ്പെട്ട, തെരുവിൽ ഉറങ്ങേണ്ടി വരുന്ന ചെറുപ്പക്കാരൻ ഒപ്പം ശാരീരിക അവസ്ഥയും. ചില മാസങ്ങളിൽ മാസക്കുളി ഉണ്ടാവാറില്ല അപ്പോൾ ശാരീരിക അസ്വാസ്ഥതകൾ കൂടും അങ്ങിനെയാണ് രാജു ആശുപത്രിയിൽ പോകുന്നത്. തുടർ പരിശോധനകൾക്കു ശേഷം വിവിധ ആശുപത്രികൾ. ഒടുവിൽ രണ്ടായിരിക്കാതെ ഏതെങ്കിലും ഒന്ന് എന്ന തീരുമാനത്തിൽ പെണ്ണായിരിക്കാൻ തീരുമാനം, ഓപ്പറേഷൻ.

" മാസക്കുളി തൊടങ്ങി എട്ടാമത്തെ ദിവസം കുളിച്ചു കേറാതെ ഞാൻ

അടുക്കളേൽ കേറൂല... കാടിനു പുറത്ത് വീട്ടിക്കു പോയിട്ട്, ഹിന്ദുക്കാടെ കടയില് വരെ മാസക്കുളി ആയാലു എനിക്ക് കയറാൻ പാടില്ല...
അടുക്കളേൽ കേറാൻ പറ്റാത്ത അത്രേം ദിവസം ഞാൻ പച്ചവെള്ളം കുടിച്ച കയിച്ചു കൂട്ടുന്നത്. ചോര പോന്ന ഏഴു ദിവസോം ഞാൻ കൂടിന്റെ പൊറത്തു കെടക്കും..." (പുരോഗമനക്കാരെന്നും, സംസ്കാരസമ്പന്നരെന്നും മേനി പറയുന്നവർക്കും ഈ ശാരീരിക പ്രവർത്തനം ഏതാണ്ട് ഇങ്ങനെയൊക്കെ തന്നെ ആണല്ലോ - ഓർമ്മകൾ അധികം പുറകോട്ടു പോകേണ്ടല്ലോ )

".. ഞാനൊരു മരുന്ന് കഴിക്കാത്തത് രണ്ട് മാസമായി. മൊല വളരാനൊള്ളതാ. ഇവിടെ ഒറ്റയ്ക്ക് നികുമ്മം എനിക്കത് കുടിക്കാൻ പേടിയാ. മൊലേം കൂടി വന്നാൽ കുണ്ടന്മാർ എന്നെ വച്ചേക്കുവോ?... ഇപ്പം എന്റെ ബേജാറ് അതല്ല. ഏതെങ്കിലും ഒരു ദെവസം ആ കുണ്ടന്മാര് വാതിലു മാറ്റി അകത്തു കയറിയാല് ഞാൻ കെടന്നു കൊടുക്കേണ്ടി ബരൂലേ? അത് ഒറപ്പാ. ഓലെ ഉശിരിന്റെ അടുത്തു എന്റെ നെലോളീം സങ്കടവും ഒന്നുമല്ല...
.. എന്തായാലും ഇവിടുന്നു മാറുന്നവരെ മൊല വളരാനുള്ള മരുന്ന് ഞാൻ ക യിക്കൂല്ല. മൊല ബെലുതാവണ്ടേ തന്നെ കുണ്ടന്മാര് എന്നെ അത്രയ്ക്ക് എടങ്ങേറ് ആക്കിയതാ. ഇനി മൊലേം കൂടി വന്നാ പറയാനൊണ്ടോ?..
"... മൊതലാളിമാരും കുണ്ടന്മാരും എല്ലാരും എന്നെ എടങ്ങേറാക്കിയ കൂട്ടത്തിലാണ്ടു. കുണ്ടന്മാരെ എനിക്ക് ഭയങ്കര പേടിയാ. കുണ്ടന്മാര് എന്നെക്കണ്ട കൂട്ടം കൂടി അടുത്തേക്ക് വരും.. കുണ്ടന്മാര് വിളിച്ചു കൂട്ടി കൊണ്ടോയിട്ടു, ഏതെങ്കിലും ഒഴിഞ്ഞ സ്കൂളിന്റെ കെട്ടിടത്തിലോ, ആരും ബറാത്ത പറമ്പിലോ, ഒയിച്ചിട്ട പീടിക സ്ഥലത്തൊ ഒക്കെയാ കെടത്താനത്. ഒരാളൊന്നുമല്ല കൊറേ ആളുകളു കൂട്ടമായിട്ട ബരുന്നത്. എല്ലാരും തീരുന്നതു വരെ ഞാൻ കെടന്ന് സഹിക്കണം..
ചെലപ്പം നാഭി ക്കടച്ചില് കയിഞ്ഞ ഷീണതില് നിക്കുമ്മം ബന്ന് കുണ്ടന്മാര് എന്നെ രാത്രി വലിച്ചു കൊണ്ടോവും. അന്നേരം ചത്തു പോവാണ്ടിരിക്കാൻ ഞാനെന്റെ ദൈവങ്ങൾക്ക് നേർച്ചയിടളറിന് പണി.. ചത്തു പോവോന്നു ശരിക്കും ഞാൻ പേടിച്ചു പോയിരുന്നു...

ഓരോ മാസവും അടിവയറ്റിൽ വരുന്ന വേദനയും കാത്തു മാന്യന്മാരെയും കുണ്ടന്മാരെയും ഭയന്ന് തെരുവിന്റെ രാത്രി വെളിച്ചത്തിൽ അഭയം തേടുന്ന ഒരു മനുഷ്യൻ.
വികസിത സമൂഹമെന്നും ഉയർന്ന സാംസ്കാരിക ബോധമുള്ള ജനതയെന്നുമൊക്കെ നെറ്റിപ്പട്ടങ്ങളേറ്റി നടക്കുമ്പോൾ ഇങ്ങനെയും ചില ജീവിതങ്ങൾ അരികിലുണ്ടെന്നൊരു സാക്ഷി പറയൽ.

ഡി സി ബുക്ക്സ്
വില 60 രൂപ